(ബി) ഐ.റ്റി. അറ്റ് സ്കൂൾ പദ്ധതിക്കായി 2002-2003-ൽ 400 ലക്ഷം രൂപ വിനിയോഗിച്ചു. 2003-2004 വർഷത്തേയ്ക്ക് 400 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷന്റെ ശുപാർശപ്രകാരം അനുവദിച്ച 121.06 ലക്ഷം രൂപയും വിനിയോഗിച്ചു കഴിഞ്ഞു.

സർവ്വ ശിക്ഷാ അഭിയാൻ പദ്ധതി

93 (2033) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വശിക്ഷാ അഭിയാൻ നടപ്പിലാക്കുന്ന വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ബി) ഇതിനായി ഈ സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ വിനിയോഗത്തിന് ജില്ലാ പഞ്ചായത്തുകളുടെ കീഴിൽ എം.എൽ.എ. മാരെ കൂടി ഉൾപ്പെടുത്തുന്ന പ്രത്യേക സംവിധാനം ഉണ്ടാകുമോ എന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ സർവ്വ ശിക്ഷ അഭിയാൻ പദ്ധതി നടപ്പിലാക്കുന്നതിൽ എം.എൽ.എ. മാരുടെ പങ്കാളിത്തം എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) (1) ഗുണനിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ. അദ്ധ്യാപക പരിശീലനം, സൗജന്യ പാഠപുസ്തക വിതരണം, അദ്ധ്യാപകർക്കുള്ള പഠനോപകരണ കിറ്റ്, സ്കൂൾ ഗ്രാന്റ്, വി.ഇ.സി. ട്രെയിനിംഗ് ആൾട്ടർനേറ്റീവ് സ്കൂളിംഗ്, പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ.

2. നിർമ്മാണ പ്രവർത്തനങ്ങൾ :-

പ്രധാനമായും ക്ലാസ്സ് മുറികളുടെയും സ്കൂൾ കെട്ടിടങ്ങളുടെയും നിർമ്മാണം ഉൾപ്പെടെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടും.

(ബി & സി) ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ജില്ലയിലെ എം.എൽ.എ. മാരും ഉൾപ്പെടുന്ന ജില്ലാ പ്ലാനിംഗ് കമ്മിറ്റിയാണ് എസ്.എസ്.എ. പ്രോഗ്രാമിന്റെ വാർഷിക പദ്ധതി തയ്യാറാക്കുന്നത്. ജില്ലയിലെ പ്രോഗ്രാമുകൾ അവലോകനം നടത്തുന്നതിനും ജില്ലാ പ്ലാനിംഗ് കമ്മിറ്റിക്ക് ഇപ്പോൾ പങ്കുണ്ട്.

സർവ്വ ശിക്ഷ അഭിയാൻ പദ്ധതിക്ക് കാസർഗോഡ് ജില്ലയിൽ അനുവദിക്കപ്പെട്ട ഫണ്ട്

94 (2034) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് അദ്ധ്യയന വർഷത്തിൽ ആരംഭിച്ച സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിക്ക് കാസർഗോഡ് ജില്ലയിൽ അനുവദിക്കപ്പെട്ട ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly